ഇതിനോടൊപ്പം കൂടിശ്ശിക പെരുകി വരികയും ചെയ്യും. അതിന് അടിയന്തിരമായ ഒരു സംവിധാനമുണ്ടാക്കി ഇതിന് കാലതാമസം വരുത്തിയവരുടെ പേരിൽ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ഈ കുഴപ്പങ്ങൾ ഉണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഇതിനെപ്പറ്റി തരോ ആയിട്ട് പഠിച്ച് എന്താണ് ചെയ്യേണ്ടതെ് എന്നുള്ള അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വേണ്ട കാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: കമ്മീഷന്റെ റിപ്പോർട്ട് കിട്ടി വിശദമായി പഠിച്ച് പരിഹാരം തേടുകയാണെന്നു പറഞ്ഞാൽ അതിന് കാലതാമസം വരും. അതോടൊപ്പം ജില്ലാ ഭരണനിയമം അടക്കമുള്ള പല നിയമനിർമ്മാണത്തിലും ആഡിറ്ററിന്റെ ചുമതല ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ചിട്ടുണ്ട് എന്നുള്ള സ്ഥിതി കണക്കിലെടുത്തുകൊണ്ട് വളരെ ചുരുങ്ങിയ കാര്യങ്ങൾ നിറവേറ്റാൻ വേണ്ടി ഉണ്ടാക്കിയ ആ ഡിപ്പാർട്ട്മെന്റിന്റെ സ്റ്റാഫിന്റെ അപര്യാപ്തത ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് അത് സ്ട്രെംഗ്തൻ ചെയ്യുന്നതിനുള്ള വല്ല പ്രാഥമിക നടപടികളും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: അവിടെ ആവശ്യത്തിന് സ്റ്റാഫ് ഇല്ല എന്നുള്ള വാദം അവരുടെ ഭാഗത്തുനിന്ന് ഉണ്ട്. അത് ഒരു വസ്തുത യാണ്. പക്ഷെ ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അതിനുമൊക്കെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ പഠനം നടത്തിയിരിക്കുന്നത്. പഠനം നടത്തിയ ശേഷം ഇനി ഇപ്പോൾ എന്തുചെയ്യണം എന്നുള്ളതിനെപ്പറ്റിയുള്ള ഡീറെയിൽസ് കിട്ടിയിട്ടുണ്ട്. അത് പഠിച്ചുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞിട്ട് വേണ്ടതു ചെയ്യും.

ശ്രീ. സി. പി. കുഞ്ഞ്: കോഴിക്കോട് കോർപ്പറേഷൻ അടക്കമുള്ള പല കോർപ്പറേഷനുകളിലും ഡി.സി.ബി. ഏഴു കൊല്ലം എട്ടു കൊല്ലം പൂർത്തിയാകാതെ കിടക്കുന്നുണ്ട്. അതിന്റെ ഫലമായി ആഡിറ്ററിന് തടസ്സം നേരിടുന്നുണ്ട്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് വല്ല നിർദ്ദേശവുമുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ അവിടത്തെ കണക്കെല്ലാം എഴുതുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഡയറക്ടറും കോർപ്പറേഷന്റെ ഡയറക്ടറുമൊക്കെ പ്രത്യേക താൽപ്പര്യം എടുക്കുന്നുണ്ട്. അവർ അതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് കാർട്ടേഴ്സ്

* 8 [196] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അപേക്ഷകളുടെ മുൻഗണനാക്രമമനുസരിച്ചാണോ കാർട്ടേഴ്സ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ജീവനക്കാർക്ക് കാർട്ടേഴ്സ് അനുവദിക്കുന്നതിന് ഇപ്പോൾ സ്പെഷ്യൽ ഓർഡർ നൽകാറുണ്ടോ;

(സി) 1991 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച് ഏതു വർഷം വരെ രജിസ്റ്റർ ചെയ്തവർക്കാണ് കാർട്ടേഴ്സ് നൽകിയതെന്നും എത്രാമത് രജിസ്റ്റർ നമ്പർവരെയുള്ളവർക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ):

(എ) അതെ.

(ബി) ഇല്ല.

(സി) തിരുവനന്തപുരം ജില്ലയിലെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† മറ്റു ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. കെ. തോമസ്: അർഹരായ നിരവധി ജീവനക്കാർക്ക് പാർപ്പിടം കിട്ടാതെ വിഷമിക്കുമ്പോൾ മറ്റു പല ജീവനക്കാരുടേയും പേരിൽ ജീവനക്കാരല്ലാത്തവർ - കാർട്ടേഴ്സുകൾ കൈവശപ്പെടുത്തി താമസിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ഹംസ: അങ്ങനെ ചില വിവരങ്ങൾ കിട്ടിയതിന്റെ പേരിൽ നടപടി എടുത്തിട്ടുണ്ട്. ഇനി എന്തെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. കെ. തോമസ്: ഇടുക്കി, വാഴത്തോപ്പ്, പൈനാവ്, മലമ്പുഴ തുടങ്ങിയ പദ്ധതി പ്രദേശങ്ങളിലെ കാർട്ടേഴ്സുകൾ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. അത് മെയിന്റനൻസ് ചെയ്ത് എടുത്ത് ജീവനക്കാർക്ക് നൽകുകയും ഇപ്പോൾ അത് അനധികൃതമായി വാടകയ്ക്ക് കൊടുത്തിരിക്കുന്നത് ഒഴിവാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ഹംസ: അത് പരിശോധിക്കാവുന്ന ഒരു നിർദ്ദേശമാണ്.

ശ്രീ. സി. പി. കുഞ്ഞ്: കോഴിക്കോട് എൻ. ജി. ഒ. കാർട്ടേഴ്സിലെ കെട്ടിടങ്ങളിൽ പലതും യഥാവസരം റിപ്പയർ ചെയ്യാത്തതുകൊണ്ട് തകർന്നു കൊണ്ടിരിക്കുകയാണ്. അത്തരം കെട്ടിടങ്ങളൊക്കെ ഒന്ന് പുതുക്കി പണിയുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. കെ. ഹംസ: ആവശ്യമായിട്ടുള്ള അറ്റകുറ്റപണികൾ നടത്താൻ വേണ്ടി നടപടി സ്വീകരിക്കാം.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 8 (196) കാണുക]

തിരുവനന്തപുരം ജില്ല

1. ജനറൽ വിഭാഗത്തിൽ 1982-ാം വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകരിൽ 44/82-ാം രജിസ്റ്റർ നമ്പർവരെ കാർട്ടേഴ്സ് കൊടുത്തിട്ടുണ്ട്.

2. ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ 1985-ാം വർഷത്തിൽ 42/85 രജിസ്റ്റർ നമ്പർ വരെ ഉള്ളവർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്.

3. ഗസറ്റഡ് വിഭാഗക്കാർക്ക് 1985 വർഷത്തിൽ 23/85-ാം നമ്പർ വരെ രജിസ്റ്റർ ചെയ്തവർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്.

4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1984-ാം വർഷത്തിൽ 22/84-ാം നമ്പർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് കൊടുത്തിട്ടുണ്ട്.

5. മിശ്രവിവാഹിതർക്ക് 1984-ാം വർഷം 3/84 രജിസ്റ്റർ നമ്പർ വരെ കൊടുത്തിട്ടുണ്ട്.

6. വികലാംഗർക്ക് 1987-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3/87 രജിസ്റ്റർ നമ്പർവരെ കൊടുത്തിട്ടുണ്ട്.

7. ജവാൻമാരുടെ ഭാര്യമാർക്ക് 1989 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും കൊടുത്തിട്ടുണ്ട്.

8. എക്സ്സർവീസ്മെൻ വിഭാഗത്തിൽ 1988-ാം വർഷത്തിൽ രജിസ്റ്റർ ചെയ്ത 2/88 രജിസ്റ്റർ നമ്പർവരെ ഉള്ളവർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly